## <u>സ്പെഷ്യൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം</u>

## കാറ്റഗറി നമ്പർ : 337/2020

താഴെപ്പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മിഷന്റെ വെബ് സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം. വൺ ടൈം രജിസ്ട്രേഷൻ മുഖേന അപ് ലോഡ് ചെയ്യുന്ന ഫോട്ടോ 31.12.2010 ന് ശേഷം എടുത്തതും ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും രേഖപ്പെടുത്തിയതുമായിരിക്കണം. വൺ ടൈം രജിസ്ട്രേഷൻ മുഖേന അപ് ലോഡ് ചെയ്യുന്ന ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| | | | |
|---|---|---|---|
| **1.** | വകുപ്പ് | : | കേരള പോലീസ് സർവ്വീസ് |
| **2.** | ഉദ്യോഗപ്പേര് | : | പോലീസ് കോൺസ്റ്റബിൾ<br>**(ടെലികമ്മ്യൂണിക്കേഷൻസ്)** |
| **3.** | ശമ്പളം | : | ₹ 22200-48000/- |
| **4.** | ഒഴിവുകളുടെ എണ്ണം | : | 05(അഞ്ച്)**(**സ്പെഷ്യൽ റിക്രൂട്ട്മെന്റ് –<br>പട്ടികവർഗ്ഗക്കാർക്ക് മാത്രം**)** |

<u>കുറിപ്പ്:</u> ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

| | | | |
|---|---|---|---|
| 5. | നിയമനരീതി | : | നേരിട്ടുള്ള നിയമനം<br>**(**പട്ടികവർഗ്ഗക്കാർക്ക് മാത്രം**)** |

**കുറിപ്പ്** – 1. ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും വനിതാ ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**2.** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. പ്രായപരിധി 18–31

ഉദ്യോഗാർത്ഥികൾ 01/01/1989 നും 02/01/2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) <u>പട്ടികവർഗ്ഗക്കാരായ വിമുക്തഭടൻമാർക്ക് 41 വയസ്സ് വരെ അപേക്ഷിക്കാവുന്നതാണ്.</u>

**(**പൊതു വ്യവസ്ഥകളിൽ പ്രായപരിധി സംബന്ധിച്ച മറ്റ് ഇളവുകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**)**

7. **യോഗ്യതകൾ**

**(1) സാമാന്യ യോഗ്യത** – എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം

**(2) സാങ്കേതിക യോഗ്യത** – റേഡിയോ ടെലികമ്മ്യൂണിക്കേഷൻ/ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്/ കമ്പ്യൂട്ടർ/ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ലഭ്യമായിട്ടുളള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അഥവാ കേരള ഗവൺമെന്റ് അംഗീകരിച്ചിട്ടുളള തത്തുല്യമായ ഇതേ യോഗ്യത. തത്തുല്യമായ ഇതേ യോഗ്യതയുളള വിമുക്തഭടൻമാർക്കും അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ്** – 1. യോഗ്യത സംബന്ധിച്ച് KS&SSR part II ലെ Rule 10(a)(ii) ബാധകമാണ്.

2.വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതകളുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുളളു.

3. ഉദ്യോഗാർഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയും ആയതു തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ് , ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്തു ഹാജരാക്കുകയും ചെയ്യേണ്ടതാണ് .

(3). ശാരീരിക യോഗ്യതകൾ

a)ഉയരം – 160 സെ.മീ

b)നെഞ്ചളവ് – 76 സെ.മീ

c) വികാസം – കുറഞ്ഞത് 5 സെ.മി വേണം

(4) കാഴ്ചശക്തി – താഴെ പറയുന്ന വിധത്തിൽ കണ്ണടവയ്ക്കാതെയുളള കാഴ്ചശക്തി ഉളളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| 1) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| **2)** | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ്: 1.ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചകോൺ(Field of vision) ഉണ്ടായിരിക്കണം.

2. വർണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായിട്ടുളള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

3. സംസാരശേഷി/കേൾവി വൈകല്യങ്ങളിൽ നിന്ന് മുക്തമായിരിക്കണം

4. ഉദ്യോഗാർത്ഥികൾക്ക് നല്ല ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല്(മുൻപല്ല്) ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷന് ഹാജരാകുമ്പോൾ താഴെ കൊടുത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

**MEDICAL CERTIFICATE**

I have this day, medically examined Shri...................................................... (Address) and found that he has no disease or infirmity, which would render him unsuitable for Government Service. His age, according to his own statement is ...............and by appearance is ..................... and his standards of vision are as follows: –

**STANDARDS OF VISION**

(Eye Sight without glasses)

| | | Right Eye | Left Eye |
|---|---|---|---|
| i) | Distant Vision | ......... Snellen | ........... Snellen |
| Ii). | Near Vision | ......... Snellen | ........... Snellen |
| iii) | Field of Vision | ......... | |

*(Specify whether full or not. Entry 'normal' 'good' etc., will be inappropriate here).*

iV) Colour Blindness ..............................

V) Squint ..............................

Vi) Any morbid conditions of the eye or lid of either eye. ..............................

He is physically fit ( that is free from knock –knee, flat Foot , Varicose Vein, bow legs, deformed limbs, irregular and protruding teeth, defective speech and hearing etc) for the post of Police Constable(Telecommunications) in Kerala police Service .

Place: Signature

Date: Name and Designation of the Medical Officer

*(Office Seal)*

കുറിപ്പ്: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

(5). കായികക്ഷമതാ പരീക്ഷ :

നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയായ താഴപ്പറയുന്ന വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള 8 ഇനങ്ങളിൽ ഏതെങ്കിലും 5(അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം

| **ക്രമ നമ്പർ** | **ഇനങ്ങൾ** | **വൺസ്റ്റാർ നിലവാരം** |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.2 cms |
| 3 | ലോംഗ് ജമ്പ് | 457.2 cms |
| 4 | പുട്ടിംഗ് ദ് ഷോട്ട്(7264 ഗ്രാം) | 609.6 cms |
| 5 | ത്രോയിംഗ് ദ ക്രിക്കറ്റ് ബാൾ | 6096 cms |
| 6 | വടത്തിൽ കയറ്റം(കൈകൾ മാത്രം ഉപയോഗിച്ച്) | 365.8 cms |
| 7 | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ്:**

കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

8. **ട്രെയിനിംഗ് –** പോലീസ് കോൺസ്റ്റബിൾ **(ടെലികമ്മ്യൂണിക്കേഷൻസ്)** ആയി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ **9** മാസത്തെ പരിശീലനത്തിന് വിധേയരാകേണ്ടതാണ്. അതിനു പുറമേ ഈ കാലയളവിൽ ടെലികമ്മ്യൂണിക്കേഷൻ ഉപകരണം പ്രവർത്തിപ്പിക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള സാങ്കേതിക പരിശീലനം നൽകുന്നതാണ്.
9. **സ്റ്റൈപ്പൻഡ് –** പരിശീലന കാലയളവിൽ പോലീസ് കോൺസ്റ്റബിൾ (ടെലികമ്മ്യൂണിക്കേഷൻസ്) തസ്തികയ്ക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളത്തിന് തുല്യമായ സ്റ്റൈപ്പൻഡിനും ഇവർക്ക് അർഹതയുണ്ടായിരിക്കും.
10. **പ്രൊബേഷൻ :** ട്രെയിനിംഗ് പൂർത്തിയായ ശേഷം നിയമിക്കപ്പെടുന്നവർ ആദ്യത്തെ 3 വർഷത്തിനുള്ളിൽ 2 വർഷത്തെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിരിക്കണം.
11. **ബോണ്ട്** – ഓരോ ഉദ്യോഗാർത്ഥിയും ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി ചുരുങ്ങിയത് അഞ്ച് വർഷം ഡിപ്പാർട്ട്മെന്റിനെ സേവിച്ചുകൊള്ളാമെന്ന് വ്യവസ്ഥ ചെയ്യുന്ന അയ്യായിരം രൂപയുടെ ഒരു ബോണ്ട് ഹാജരാക്കേണ്ടതാണ്.

**12 അപേക്ഷ സമർപ്പിക്കേണ്ട രീതി :**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link–ലെ Apply Now –ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2010–ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ

ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

13 **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 20.01.2021** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

14 **അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** : www.keralapsc.gov.in

15 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

16 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 - ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

17 ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം(Confirmation)അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലും നൽകുന്നതാണ്.

18 വിദ്യാഭ്യാസ യോഗ്യത, പരിചയം എന്നിവ സംബന്ധിച്ച് തെറ്റായി അവകാശം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുകയും സ്ഥിരീകരണം നൽകിയ ശേഷം പരീക്ഷയ്ക്ക് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, KPSC റൂൾസ് ഓഫ് പ്രൊസീജ്യർ 1976 ലെ ചട്ടം 22 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുന്നതായിരിക്കും.

(ഫോട്ടോ, ഐ ഡി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ